## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5422** **25.10.2011- ൽ മറുപടിക്ക്**

**പ്രകൃതിക്ഷോഭം - കാലവർഷക്കെടുതി എന്നിവയ്ക്ക് ലഭിച്ച കേന്ദ്ര സഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | പ്രകൃതിക്ഷോഭം - കാലവർഷക്കെടുതികൾ എന്നിവയുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സംസ്ഥാനത്തിന് എത്ര രൂപ വീതം ലഭിച്ചിട്ടുണ്ട് എന്നും ലഭിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ) | പ്രകൃതിക്ഷോഭം - കാലവർഷക്കെടുതികൾ എന്നിവയുമായി ബന്ധപ്പെട്ട് 2009-10 സാമ്പത്തിക വർഷം 77.93 കോടി രൂപയും, 2010-11 സാമ്പത്തിക വർഷം 111.09 കോടി രൂപയും കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക മുഴുവനും ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ കാലത്തെ നീണ്ടുനിന്ന കാലവർഷം മൂലം പൂർത്തീകരിക്കാത്ത ജോലികൾ പൂർത്തീകരിക്കുന്നതിന് സമയം നീട്ടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം ഭരണാനുമതി നൽകുന്ന റോഡ് പ്രവൃത്തികൾ ഒരു വർഷത്തിനകം പൂർത്തിയാക്കണമെന്ന് 14.07.2011 ലെ സ.ഉ(ആർ.റ്റി)നം.3120/2011/ഡി.എം.ഡി പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രവർത്തി കാലാവധിക്കുള്ളിൽ ആരംഭിച്ചിട്ടുണ്ടെങ്കിൽ സമയം ദീർഘിപ്പിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (സി) | പ്രകൃതിക്ഷോഭം, കാലവർഷക്കെടുതി എന്നിവയുമായി ബന്ധപ്പെട്ട് ഓരോ നിയോജകമണ്ഡലത്തിനും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ അനുവദിച്ച തുക വ്യക്തമാക്കാമോ; | (സി) | ജില്ലാ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. ആയതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല. |
| (ഡി) | അനുവദിച്ച തുക ചെലവഴിക്കാത്ത ഇടങ്ങളിൽ എന്തു നടപടികളാവും സ്വീകരിക്കുക എന്നും വ്യക്തമാക്കാമോ? | (ഡി) | ഭരണാനുമതി നൽകിയിട്ട് പ്രവൃത്തി ആരംഭിക്കാതിരുന്നാൽ കാലാവധി കഴിയുമ്പോൾ അനുമതി റദ്ദാകും. |

സെക്ഷൻ ഓഫീസർ